പച്ചക്കറിക്ഷാമവും വിലക്കയറ്റവും

146 [1273] ശ്രീ. എ. കെ. മണി :
,, എം. എം. ഹസ്സൻ :
,, ജോർജ് ജെ. മാത്യു :
,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ഡിസംബറിൽ തമിഴ്നാട്ടിലുണ്ടായ പേമാരിയെ തുടർന്ന് പച്ചക്കറി ക്ഷാമവും വിലക്കയറ്റവുമുണ്ടായപ്പോൾ അതിനെ നേരിടുന്നതിന് എന്തെല്ലാം നടപടികളെടുത്തു ;

(ബി) ഈ നടപടികളുടെ ഫലമായി പച്ചക്കറി വിലയിലും ലഭ്യതയിലും എന്ത് വ്യത്യാസമുണ്ടായി ;

(സി) പച്ചക്കറിയുടെ കാര്യത്തിൽ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നടപടി ഒഴിവാക്കാനുള്ള പദ്ധതി നിലവിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) സർക്കാർ തലത്തിൽ ഇക്കാര്യത്തെക്കുറിച്ച് ഉന്നതതല ചർച്ചകൾ നടത്തി അടിയന്തിരമായി 25 ലക്ഷം രൂപ ഇതിനായി അനുവദിക്കാൻ ഉത്തരവായി. സർക്കാർ നിർദ്ദേശാനുസരണം കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രൊഡക്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പച്ചക്കറികളുടെ ദൗർലഭ്യം പരിഹരിക്കാൻ വൻതോതിൽ പച്ചക്കറികൾ എത്തിച്ചു. വെജിറ്റബിൾ ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം നാടൻ പച്ചക്കറികൾ കേരളത്തിനുള്ളിൽ നിന്നും, മറ്റ് പച്ചക്കറികൾ കോയമ്പത്തൂർ, ബാംഗ്ലൂർ എന്നിവടങ്ങളിൽ നിന്നും കൊണ്ടുവന്നു. ഹോർട്ടികോർപ്പിന്റെ നിലവിലുള്ള വിതരണ ശൃംഖല കൂടാതെ നഗരങ്ങളിൽ അനവധി മൊബൈൽ യൂണിറ്റുകൾ വഴിയും കൂടുതൽ ഉപഭോക്താക്കൾക്ക് മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയിൽ പച്ചക്കറികൾ വിതരണം നടത്തുകയുണ്ടായി.

(ബി) ഈ ഇടപെടലിലൂടെ തെക്കൻ ജില്ലകളിലെ പച്ചക്കറികളുടെ ദൗർലഭ്യവും വിലക്കയറ്റവും ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ നിയന്ത്രണാധീനമാക്കുവാൻ കഴിയുകയും പച്ചക്കറികളുടെ വിലയും ലഭ്യതയും സാധാരണ രീതിയിലേക്കെത്തുക ഉണ്ടായി.

(സി) ആഭ്യന്തര പച്ചക്കറി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി നാടൻ പച്ചക്കറികൾ ന്യായവില നൽകി കേരളത്തിലെ കർഷകരിൽ നിന്ന് നേരിട്ടും, വെജിറ്റബിൾ ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിലിന്റെ സ്വാശ്രയ സംഘങ്ങൾ മുഖാന്തിരവും സംഭരിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly